പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 554

9.7.2012ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. എൻ. ജയരാജ് ;<br>ശ്രീ. പി.സി. ജോർജ് ;<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ ;<br>ശ്രീ. റോഷി അഗസ്റ്റിൻ ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗസാധനങ്ങൾ മൊത്തമായി വാങ്ങുന്നതിന് അവലംബിച്ചിട്ടുള്ള മാർഗ്ഗം എന്താണ് ; ഇത് കുറ്റമറ്റവിധം നടക്കുന്നുണ്ടോ ; ഈ സംവിധാനം എന്നു മുതൽ പ്രാവർത്തികമായി ; വിശദാംശങ്ങൾ നൽകുമോ ; | എ) | ഇ-ടെണ്ടർ സംവിധാനമാണ് ഇതിനായി അവലംബിച്ചിട്ടുള്ള പ്രധാന മാർഗ്ഗം. ഇത് കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ട്. 2005 ഫെബ്രുവരി മാസം മുതലാണ് ഇ-ടെണ്ടർ സംവിധാനം സപ്ലൈകോയിൽ ആരംഭിച്ചത്. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഒരു സംവിധാനമാണ് ഇതിന് ഉപയോഗിച്ചു വരുന്നത്. ബാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കിയോനിക്സ് എന്ന സ്ഥാപനമാണ് ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. |
| ബി) | ഇ-ടെൻഡർ സംവിധാനം നിലവിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ; | ബി) | കൂടുതൽ വിതരണക്കാർക്ക് ടെണ്ടറിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നുണ്ട്. ഇതുവഴി നല്ലയിനം സാധനങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാകുന്നുണ്ട്. |
| സി) | സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ? | സി) | നിലവിൽ നടന്നു വരുന്ന ഇ-ടെണ്ടർ പർച്ചേസിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ